LIBRARY ARCHIVES Kerala Legislative Assembly

കൃഷി വെട്ടി നിരത്തിയതിന് നഷ്ടപരിഹാരം

73 (2522) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ബാബു :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻഗവൺമെന്റിന്റെ കാലത്ത് ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ വയലുകളിൽ മറ്റു കൃഷി ചെയ്തതിന്റെ പേരിൽ പ്രസ്തുത കൃഷികൾ നശിപ്പിച്ച സംഭവം ഉണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ എത്രപേരുടെ കൃഷിയിടങ്ങളിൽ ഇപ്രകാരം കൃഷി നശിപ്പിക്കുകയുണ്ടായി ;

(സി) എന്തു തുകയുടെ കൃഷി നാശം ഉണ്ടായതായി കണക്കാക്കപ്പെടുന്നു ;

(ഡി) ഇപ്രകാരം കൃഷി വെട്ടി നശിപ്പിച്ചവരുടെ മേൽ എന്തെല്ലാം നടപടികളെടുത്തെന്ന് പറയുമോ ;

(ഇ) ഒരു നടപടിയുമെടുക്കാത്തപക്ഷം അതെന്തുകൊണ്ടെന്ന് വിശദീകരിക്കാമോ ;

(എഫ്) അന്ന് കൃഷി നശിപ്പിക്കപ്പെട്ടതിന്റെ പേരിൽ എന്തെങ്കിലും നഷ്ട പരിഹാരം കൊടുത്തിട്ടുണ്ടോ എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇത്തരം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) കൃത്യമായ കണക്കുകൾ ലഭിച്ചിട്ടില്ല.

(സി) തിട്ടപ്പെടുത്തിയിട്ടില്ല.

(ഡി&ഇ) എന്തെങ്കിലും നടപടിയെടുത്തതായി അറിവില്ല.

(എഫ്) സർക്കാരിൽനിന്നും നഷ്ടപരിഹാരമൊന്നും നൽകിയിട്ടില്ല.

കൃഷി ഓഫീസുകളുടെ കീഴിൽ എല്ലാ വാർഡുകളിലും ഹരിത സംഘങ്ങൾ രൂപീകരിക്കുന്നതിന് നടപടി

74 (2523) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൃഷി ഓഫീസുകളുടെ കീഴിൽ എല്ലാ വാർഡുകളിലും ഹരിത സംഘങ്ങൾ രൂപീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

(ബി) ഹരിതസംഘങ്ങളുടെ നേതൃത്വത്തിൽ പഴം, പച്ചക്കറി സംഭരണ വിപണനത്തോടൊപ്പം പഴം, പച്ചക്കറി സംസ്ക്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സർക്കാർ ആലോചിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?